## 499

ഓ-ഓ-ഓ എനിക്കാനന്ദമാനന്ദം
ശ്രീയേശു എന്നെ രക്ഷിച്ചല്ലോ

1 ഫറവോന്നടിമയായ് പാർത്തവനാം ഞാൻ
ഭാരം ചുമന്നയ്യോ വലഞ്ഞെത്ര കാലം
കുഞ്ഞാട്ടിൻ നിണത്താൽ ഞാനിന്നു വിമുക്തൻ-

2 തുടർന്നെന്നെ പിടിപ്പാൻ അരിഗണമടുത്തു
മുന്നോട്ടു പോകരുതെന്നവർ തടത്തു
ദൈവം ചെങ്കടലും പിളർന്നെന്നെ കാത്തു-

3 മരുവിലെൻ യാത്രയ്ക്കിന്നവനെല്ലാം
തന്നനുദിനവും പുലർത്തിടുന്നെന്നെ
എന്നാളും പാടി സ്തുതിക്കും ഞാൻ തന്നെ-

4 തിരുപ്പദ സേവ ചെയ്തെന്റെ നേരം
തീരണമെന്നാണെനിക്കുള്ളിൽ ഭാരം
പിന്നെന്റെ നാഥന്നരികിൽ ഞാൻ ചേരും-

**M.E.C.**